GHSS SREEKANDAPURAM



# മുകുളം

Digital Magazine  2023-2024

# ആമുഖം

പ്രിയരെ ,

ലിറ്റിൽ കൈറ്റ്സ് ജി.എച്ച്.എസ്.എസ് ശ്രീകണ്ഠാപുരം സ്കൂളിലെ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ സർഗാത്മകതയുടെയും കൂട്ടായ്മയുടെയും തെളിവാണ് ഈ മാസിക

കവിതകൾ,ചിത്രങ്ങൾ,കഥകൾ,ലേഖനങ്ങൾ തുടങ്ങിയവയിലൂടെ കൂടുതൽ അറിവുകൾ നിങ്ങളിൽ എത്തിക്കുന്നു

എന്ന്

എഡിറ്റർ

മുഹമ്മദ് നാജിൽ കെ.വി

# എഡിറ്റോറിയൽ ബോഡ്

രക്ഷാധികാരി : ശ്രീമതി ഗീത കെ.വി
എച്ച്.എം
ചീഫ് എഡിറ്റർ : മുഹമ്മദ് നാജിൽകെ.വ
അംഗങ്ങൾ : മുഹമ്മദ് ഇഫ്റാസ്
ഷാരോൺ താജ്
ഫാത്തിമ ടി.കെ
ആര്യനന്ദ പി.വി
ദിയ കൃഷ്ണ പി.വി
അസ്ല അഷ്റഫ്
ആകർഷ് അനിൽ
മുഹമ്മദ് സയ്യാൻ

# ഉള്ളടക്കം

1.പ്രകൃതിഅമ്മ...................5

2.പുഴ.................................6

3.ചങ്ങാതി...........................7

4.കാർമേഘം......................8

5.ജി. ശങ്കരക്കുറുപ്പ്............9

6.അരുവി...........................10

7.ചിരി................................11

**8.ഒ.എൻ.വി** കുറുപ്പ്...............12

9.**അഗ്നിദേവത**.................15

10.തേൻ മിഠായി................16

11.അമ്മമലയാളം .............18


12.സ്വാതന്ത്ര്യം.....................20

# പ്രകൃതി അമ്മ

പച്ചത്തട്ടിുവിരിഞ്ഞൊര
ദൈവമാണു നീ.....
പ്രകൃതിയമ്മേ നിന്നെ
ഞാൻ കാണാൻ
കൊതിക്കുന്നു ഞാൻ
രണ്ടു കണ്ണുകൾ നിന്നെ തളർത്താൻ
ശ്രമം നടത്തുന്നു.
ഇനിയുള്ള കുരുന്നുകൾക്ക് നിന്നെ
കാണാൻ കഴിയുമോ.
പ്രകൃതിയമ്മേ നിന്നെക്കാണാൻ
ശ്രമിക്കുന്നു ഞാൻ.

മുഹമ്മദ്ഇഫ്റാസ്
9D


# പുഴ



ചില നേരമിങ്ങനെ
ഏറെ നിശബ്ദമായ്
പുലരിയെ കണ്ണട-
ച്ചേറ്റുവാങ്ങീടണം
ചില നേരമാ ഗാഢ
മൗനവും,നീലിച്ച
നിലാവിന്റെ പൂക്കളും
ചേർത്തുവച്ചീടണം
അതുപോൽ നിരർത്ഥക-
മെങ്കിലും കൂരിരുൾ
കുത്തിയൊലിച്ചുപോയ്
മടുക്കത്തിപ്പുഴ!

ഫാത്തിമ ടി.കെ
I9B

# ചങ്ങാതി



ഓരോ കാഴ്ചയും
ഓരോ ഓർമയാകുന്നു
അപ്രതീക്ഷിതങ്ങളുടെ
ഒരു നട്ടുച്ചയിൽ
മിനാരങ്ങളുടെ തണലിൽ വച്ച്
കൊഴിഞ്ഞു വീണ
കൊന്ന പൂക്കളിൽ
എനിക്കെന്റെ ചങ്ങാതിയെ കിട്ടുന്നു.
ഞാനാരാണെന്നോ.....
നീയാരാണെന്നോചോദിക്കാതെ
സൗഹൃദത്താൽ
കരൾ നിറഞ്ഞ്....
വീണ്ടും കാണാമെന്ന്
സുതിശ്ചിതത്വത്തിൽ
പുൽതകിട്
വിട്ടിറങ്ങുന്ന
നാം.....

Fathimatul Rana k.c
9E

# കാർമേഘമേ

എൻ കാർമേഘമേ ..
ഈയുള്ളവൾ ഒരുകാര്യം
ചോദിക്കട്ടെയോ!?
ഇനിയുള്ള കാലമെത്രയും
മഴയായ് ഭൂമിയിൽ പതിഞ്ഞ്
വീണതെല്ലാം
നിൻ കണ്ണീർ തുള്ളികളാണോ !?
അല്ലയോ, എൻ കാർമേഘമേ
നിൻ മിഴികളിൽ നിന്ന്
ഉതിർന്ന് വീണ
കണ്ണുനീർ തുള്ളികളെയാണോ
ഞങ്ങൾ മഴയെന്ന പേരിൽ
ചൊല്ലി വിളിക്കുന്നത് !?
ദു:ഖത്തിൽ തോണി നീ
തുഴയുമ്പോളാണോ
നിൻ വെളുപ്പാം മേനി
കറുപ്പായി
രൂപാന്തരപ്പെടുന്നത് !?
നിൻ ദു:ഖം അണപൊട്ടി
വീഴുന്ന വേളയെയാണോ
ഞങ്ങൾ വർഷകാലംമെന്ന്
വിശേഷിപ്പിക്കുന്നത് !?


Diya krishna .p.v

# ജി. ശങ്കരക്കുറുപ്പ് (1901-1978)

എറണാകുളം ജില്ലയിലേ കാലടിക്കടുത്തുള്ള
നായത്തോട്
എന്ന സ്ഥലത്തു ജനിച്ചു. ആദ്യ ജ്ഞാനപീഠ
ജേതാവ് ഓടക്കുഴൽ,സാഹിത്യകൗതുകം,(4c
ഭാഗങ്ങൾ) വിശ്വദർശനം ,അന്തർദാഹം,
പഥികൻെ പാട്ട്, പാഥേയം(കവിതാ
സമാഹാരങ്ങൾ), ഗീതാഞ്ജലി,
വിലാസലഹരി(വിവർത്തനങ്ങൾ),സന്ധ്യ,
ഇരുട്ടിനു മുമ്പ് (നാടകങ്ങൾ) തുടങ്ങി നിരവധി
ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. കേന്ദ്ര സാഹിത്യ
അക്കാദമി അവാർഡ്,കേരള സാഹിത്യ
അക്കാദമി അവാർഡ്,സോവിയറ്റ്
ലാൻഡ്-നെഹ്റു അവാർഡ്,പദ്മഭൂഷണ്
എന്നിങ്ങനെ പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്.

shada sherin
9E

# അരുവി



ചില നേരമിങ്ങനെ
ഏറെ നിശബ്ദമായ്
പുലരിയെ കണ്ണട -
ച്ചേറ്റുവാങ്ങിടണം
ചില നേരം ഗാഢ
മൗനവും, നീലിച്ച
നിലാവിന്റെ പൂക്കളും
ചേർത്തുവച്ചീടണം.
അതുപോൽ നിരർത്ഥക
മെങ്കിലും കൂരിരുൾ
കുത്തിയൊലിച്ചുപോയ്
മടുക്കാതിപ്പുഴ.

*sharon taj*
9D

# ചിരി



ചിരിയുണ്ടാകുന്നതോ,
നന്മനിറഞ്ഞ് ഹാസ്യങ്ങളിൽ
സൗഹൃദങ്ങളിൽ കളിൽ സമ്പസ്സുള്ളവരിൽ
മാത്രമാണങ്കിൽ !
എന്നോനഷ്ടപ്പെട്ട ചിരി
ഓർക്കാനാവില്ലൊരിക്കലും
നടന്നുപോകുന്നവനെ കടക്കാരനാക്കുന്ന
S കച്ചവട മാസ്മരികത-
തിരിച്ചറിയാനാവാതെ
സുഖഭോഗങ്ങളിൽ കുഴഞ്ഞ്
തിരിഞ്ഞുനോക്കാനാവാതെ.
മോഹങ്ങളും സ്വപ്നങ്ങളും
ഉയർന്ന മണ്‍കുമ്പാരത്തിനുച്ചിയിൽ
ചെന്നലയുന്നു.
സ്വയം ചോദ്യചിഹ്നമാകുന്ന
കടക്കെണിയിൽ വീണ ശരീരം
കൂട്ടമായ് തെറ്റിവീണ് പൊടിയുമ്പോൾ
ചിരിയെന്നഭിലാഷം
ഈ മണ്ണിൽ തീർന്നൊരു
മുഖം മൂടിയാക്കുന്നു.

Hanan Fatima T.K

# ഒ.എൻ.വി കുറുപ്പ

മലയാളത്തിലെ പ്രശസ്ത കവിയാണ് ഒ എൻ വി കുറുപ്പ് ( 1931-2016).ഒ എൻ വി  എന്ന ചുരുക്കപേരിലും അറിയപ്പെടുന്നു. ഒറ്റപ്ലാക്കൽ നീലകണ്ഠൻ വേലു കുറുപ്പ് എന്നാണ് പൂർണ്ണനാമം.കൊല്ലം ജില്ലയിലെ ചവറയിൽ ഒറ്റപ്ലാക്കൽ കുടുംബത്തിൽ ഒ എൻ കൃഷ്ണകുറുപ്പിന്റെയും കെ ലക്ഷ്മിക്കുട്ടി അമ്മയുടേയും പുത്രനായി 1931 മേയ് 27 അത്തം നക്ഷത്രത്തിൽ ജനനം. ഈ ദമ്പതികളുടെ മൂന്നുമക്കളിൽ ഏറ്റവും ഇളയമകനാണ് ഒ എൻ വി  എട്ടു വയസ്സുള്ളപ്പോൾ അച്ഛൻ മരിച്ചു. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്നും 1948-ൽ ഇൻറർമീഡിയറ്റ് പാസ്സായ ഒ.എൻ.വി കൊല്ലം എസ്.എൻ.കോളേജിൽ ബിരുദപഠനത്തിനായി ചേർന്നു.1952-ൽ സാമ്പത്തികശാസ്ത്രത്തിൽ ബിരുദമെടുത്തു. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്നും 1955-ൽ മലയാളത്തിൽ ബിരുദാനന്തര ബിരുദവും കരസ്ഥമാക്കി.

1957 മുതൽ എറണാകുളം മഹാരാജാസ് കോളേജിൽ അദ്ധ്യാപകനായി. 1958 മുതൽ 25 വർഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി

കോളേജിലും കോഴിക്കോട് ആർട്സ് ആൻഡ് സയൻസ് കോളേജിലും തലശ്ശേരി ഗവ: ബ്രണ്ണൻ കോളേജിലും തിരുവനന്തപുരം ഗവ: വിമൻസ് കോളേജിലും മലയാളവിഭാഗം തലവനായി സേവനം അനുഷ്ഠിച്ചു. 1986 മേയ് 31-ന ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ചെങ്കിലും പിന്നീട് ഒരു വർഷക്കാലം കോഴിക്കോട് സർവ്വകലാശാലയിൽ വിസിറ്റിങ് പ്രൊഫസർ ആയിരുന്നു. കുട്ടികളുടെ ദ്വൈവാരികയായ തത്തമ്മയുടെ മുഖ്യ പത്രാധിപരായിരുന്നു. കേരള കലാമണ്ഡലത്തിന്റെ ചെയർമാൻ, കേന്ദ്ര സാഹിത്യ അക്കാദമി അംഗം, കേരള സാഹിത്യ അക്കാദമി അംഗം എന്നീ നിലകളിലും പ്രവർത്തിച്ചു ഇന്ത്യൻ പ്രോഗ്രസ്സീവ് റൈറ്റേഴ്സ് ദേശീയ അധ്യക്ഷനായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ കവിതാരചന തുടങ്ങിയ ഒ.എൻ.വി തന്റെ ആദ്യ കവിതയായ മുന്നോട്ട് എഴുതുന്നത് പതിനഞ്ചാം വയസ്സിലാണ്. 1949-ൽ പുറത്തിറങ്ങിയ പൊരുതുന്ന സൗന്ദര്യം ആണ് ആദ്യത്തെ കവിതാ സമാഹാരം. ആറുപതിറ്റാണ്ടു ദൈർഘ്യമുള്ള സാഹിത്യജീവിതത്തിൽ നിരവധി പുരസ്കാരങ്ങൾ ഇദ്ദേഹത്തെ തേടി എത്തിയിട്ടുണ്ട്.

1982 മുതൽ 1987 വരെ കേന്ദ്ര സാഹിത്യ അക്കാദമി

അംഗമായിരുന്നു. കേരള കലാമണ്ഡലത്തിന്റെ ചെയർമാൻ സ്ഥാനവും ഒ.എൻ.വി വഹിച്ചിട്ടുണ്ട്.സാഹിത്യ രംഗത്തെ സംഭാവനകൾ പരിഗണിച്ച് 2007-ലെ ജ്ഞാനപീഠ പുരസ്കാരം ഇദ്ദേഹത്തിന് 2010-ൽ ലഭിച്ചു. കേന്ദ്ര സർക്കാരിന്റെ പത്മശ്രീ (1998), പത്മവിഭൂഷൺ (2011) ബഹുമതികൾ ഇദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. നിരവധി സിനിമകൾക്കും നാടകങ്ങൾക്കും ടെലിവിഷൻ സീരിയലുകൾക്കും അദ്ദേഹം ഗാനങ്ങൾ രചിച്ചിട്ടുണ്ട്. വാർദ്ധക്യ സഹജമായ രോഗത്താൽ 2016 ഫെബ്രുവരി 13ന് തിരുവനന്തപുരത്തെ ആശുപത്രിയിൽ വെച്ചാണ്

**Muhammed Naji k.v**

9E


# അഗ്നിദേവത



അഗ്നിയാണെൻ ദേവത
അഗ്നിയുണ്ട് നെഞ്ചിലെൻ
അസ്ഥിയിൽ, ജഠരത്തിൽ,
നാഭിയിൽ, സിരകളിൽ
അണുമാത്രമാം ജീവകോശത്തിൽപോലും
എന്നുമതിനെയൂട്ടാൻ
ഞാനീ ഇന്ധനം ഒരുക്കുന്നു
മതിയെന്നോതാനറിയില്ല
മണ്ണിലെ ധാന്യ ഫലമൂലങ്ങൾ
സ്നേഹ ക്ഷീര നീരങ്ങൾ
മന്ത്രമുരുവിട്ടന്നമാത്രം
പ്രാണവായുവും തുളച്ചു അരുളുന്നു ഞാൻ
എല്ലം അഗ്നിയാഹരിയ്ക്കുന്നു..
അഗ്നിയുണ്ട് നെഞ്ചിലെൻ
അസ്ഥിയിൽ, ജഠരത്തിൽ,
നാഭിയിൽ, സിരകളിൽ
അണുമാത്രമാം ജീവകോശത്തിൽപോലും
എന്നുമതിനെയൂട്ടാൻ
ഞാനീ ഇന്ധനം ഒരുക്കുന്നു
മതിയെന്നോതാനറിയില്ല
മണ്ണിലെ ധാന്യ ഫലമൂലങ്ങൾ
സ്നേഹ ക്ഷീര നീരങ്ങൾ
മന്ത്രമുരുവിട്ടന്നമാത്രം
പ്രാണവായുവും തുളച്ചു
അരുളുന്നു ഞാൻ
എല്ലം അഗ്നിയാഹരിയ്ക്കുന്നു..

RUMAISA
9D

# തേൻ മിഠായി



ഷാഹിദ് കൂട്ടുകാരുമൊത്ത്സെൽഫിയും എടുത്ത് പഴയ ഓർമകളൊക്കെ പങ്കുവെക്കുന്നതിൽ മുഴുകി ഇരിക്കുമ്പോഴാണ് ,അർഷാദ് അവന്റെ അടുത്ത് വന്നിട്ട് " നീ കണ്ടോ ,ഓൾ വന്നിട്ടുണ്ട് ". അവൻ ഒരു കള്ള ചിരി പാസ്സാക്കി.

" ആര്? "

" മുഫ്സി, അഞ്ചുകൊല്ലായിലെ നീ കണ്ടിട്ട്"" എവിടെ ഞാൻ കണ്ടില്ല ,ഞാൻ കരുതി അവൾ ചെന്നൈയിൽ ആയിരിക്കുമെന്ന് "

" ആ ഓഡിറ്റോറിയത്തിലുണ്ട് മൂന്നാമത്തെ റോയിൽ നാലാമത് ആയിട്ടാണ് ഇരിക്കുന്നത്" "അവൾ അവളുടെ ഫ്രണ്ട്സ്സ്റെ കൂടെ ആണോ ? "

"അതെ"

" വെറുതെ അല്ല നീ ഇത്ര കൃത്യമായിട്ട് പറഞ്ഞത്

"അവൻ നേരെ ഓഡിറ്റോറിയത്തിലേക്ക് പോയി .വേദിയിൽ സുഗുണൻ സാർ നല്ല അന്താരാഷ്ട്ര തള്ളുകൾ തള്ളി കൊണ്ടിരിക്കാണ് .അവൻ പറഞ്ഞ പോലെ കുറെ ജൂനിയേഴ്സ് ഇരിപ്പുണ്ട് ഒക്കെ ഏതോ അറിയുന്ന ഒരുത്തനെ കണ്ടപോലെ തല പൊക്കി നോക്കുന്നുണ്ട് ,ഒന്ന്, രണ്ട് ,മൂന്ന് , ശേ ഇത് അരുണിമ അല്ലേ ഇനി അവൻ പറ്റിച്ചതാണോ "

പെട്ടന്നാണ് പുറകിന്ന് ഒരു വിളി ."ഷാ.."(കൂട്ടുകാര് വിളിക്കുന്നത് അങ്ങനെയാണ് )

തിരിഞ്ഞു നോക്കുമ്പോൾ സുറുമിയാണ് , അവൾ അവന്റെ മോനെയും എടുത്ത് നടക്കാണ്""നിന്റെ മോൻ എന്നോട് കൂട്ടായിട്ടോ "

”അവൻ ഭയങ്കര കുറുമ്പനാണ് എടി ” ”നിന്റെ അല്ലേ മകൻ കുറുമ്പ് ഇല്ലാണ്ടിരിക്കോ .” അവൾ അവനെ കളിയാക്കി .
”നീ മുഫ്സിനെ കണ്ടോ ?” അവൻ അവളുടെ മറുപടിക്കായി കാത്തു.”ഹാ കണ്ടല്ലോ ,അവൾ നാളെ ചെന്നൈക്ക് പോവത്രേ.. അത് കൊണ്ട് നേരത്തെ പോകും കുറച്ചു ഷോപ്പിങ് ഉണ്ട് പറഞ്ഞു ദേ ഇപ്പോ ആ വരാന്തയിൽ ഉണ്ടായിരുന്നു.”
അത് കേട്ടതും അവൻ ഓടി പണ്ട് ആ വരാന്തയിലൂടെ അവളെ തേടി നടന്ന ആ പഴയ ഷാഹിദ് നെ പോലെ ഓൻ ഓടി നടന്നു. അവൻ വരാന്ത ലക്ഷ്യമാക്കി കോവണി വേഗത്തിൽ ഇറങ്ങി നടന്നു.
പെട്ടന്ന് അവന് പുറകിൽ നിന്ന് ഒരു വിളി.”ഇക്കാ” അവൻ അറിയാം അത് അവൾ ആണെന്ന് .അവൻ പെട്ടന്ന് തിരിഞ്ഞു അതേ അത് അവളായിരുന്നു അവന്റെ ഭാര്യ ഷാഹിന
”ദേ നോക്കിം ,ഷിഫ് മോനെ ഞാൻ സുറുമിടെ കയ്യിൽ കൊടുത്തിരുന്നു, അവളെ കണ്ടോ ഇങ്ങൾ ? ””ഹാ ആ ഓഡിറ്റോറിയത്തിൽ ഉണ്ടായിരുന്നു”.

***ARYANANDA P.V***
9B

# അമ്മമലയാളം

കാവ്യക്കരുക്കളിൽ താരാട്ടുപാട്ടിന്റെ
യീണച്ചതിച്ചേലറിഞ്ഞു ചിരിച്ചൊരാൾ
ഞെട്ടിത്തെറിച്ചു തകർന്നു ചോദിക്കുന്നു
വിറ്റുവോ നീ എന്റെ ജീവിതഭാഷയെ. ഓലയും
നാരായവും കാഞ്ഞിരത്തിന്റെ ചോലയിൽ വച്ചു
നമിച്ചു തിരിഞ്ഞൊരാൾ ആദിത്യനേത്രം തുറന്നു
ചോദിക്കുന്നു ഏതു കടലിൽ എറിഞ്ഞു നീ
ഭാഷയെ. ചിഞ്ചിലം നിന്ന് ചിലങ്കകളൂരിട്ട്
നെഞ്ചത്തു കൈവച്ചു ചോദിക്കയാണൊരാൾ
ചുട്ടുവ◌ോ നീ എന്റെ കേരളഭാഷയെ.
വീണപൂവിന്റെ ശിരസ്സ് ചോദിക്കുന്നു പ്രേമസംഗീത
തപസ്സ് ചോദിക്കുന്നു ചിത്രയോഗത്തിൻ നഭസ്സ്
ചോദിക്കുന്നു മണിനാദമാർന്ന മനസ്സ് ചോദിക്കുന്നു
പാടും പിശാച് ശപിച്ചു ചോദിക്കുന്നു പന്തങ്ങൾ
പേറും കരങ്ങൾ ചോദിക്കുന്നു കളിയച്ഛനെയ്ത്ത
കിനാവ് ചോദിക്കുന്നു കാവിലെ പാട്ടിൻ കരുത്ത്
ചോദിക്കുന്നു പുത്തരിച്ചുണ്ടയായ് ഗോവിന്ദ
ചിന്തകൾ പുസ്തകം വിട്ട് തഴച്ചു ചോദിക്കുന്നു
എവിടെയെവിടെ സഹ്യപുത്രി മലയാളം
എവിടെയെവിടെ സ്നേഹപൂർണ്ണ മലയാളം.
മലിനവസ്ത്രം ധരിച്ച്, ഓടയിൽ നിന്നെണീറ്റ്
അരുതരുത് മക്കളേയെന്ന് കേഴുന്നു
ശരണഗതിയില്ലാതെ അമ്മമലയാളം ഹൃദയത്തിൽ

നിന്നും പിറന്ന മലയാളം. ആരുടെ മുദ്ര, ഇതാരുടെ ചോര
ആരുടെ അനാഥമാം മുറവിളി ആരുടെ നിലയ്ക്കാത്ത
നിലവിളി അച്ഛന്റെ തീമൊഴി, അമ്മയുടെ തേൻമൊഴി
ആരോമൽ ചേകോന്റെ അങ്കത്തിരുമൊഴി ആർച്ചയുടെ
ഉറുമിമൊഴി, ചെറുമന്റെ കനൽമൊഴി
പഴശ്ശിപ്പെരുമ്പടപ്പോരിൻ നിറമൊഴി കുഞ്ഞാലി
വാൾമൊഴി, തച്ചോളിത്തുടിമൊഴി തോരാതെ പെയ്യുന്ന
മാരിത്തെറിമൊഴി. തേകുവാൻ ,ഊഞ്ഞാലിലാടുവാൻ
പൂനുള്ളിയോടുവാൻ ,വിളകൊയ്തു കേറുവാൻ
വിത്തിടാൻ ,സന്താപ സന്തോഷമൊക്കെയറിയിക്കുവാൻ
തമ്മിൽ പിണങ്ങുവാൻ ,പിന്നെയുമിണങ്ങുവാൻ
പാടുവാൻ ,പഞ്ചാര കയ്പ്പേറെ- യിഷ്ടമെന്നോതുവാൻ
കരയുവാൻ ,പൊരുതുവാൻ ,ചേരുവാൻ ചുണ്ടത്തിരുന്നു
ചൂണ്ടിത്തന്ന നന്മയാണ് അമ്മമലയാളം, ജന്മമലയാളം.
അന്യമായ് പോകുന്ന ജീവമലയാളം. ഓർക്കുക,അച്ഛനും
അമ്മയും പ്രണയിച്ച ഭാഷ മലയാളം കുമ്പിളിൽ കഞ്ഞി
വിശപ്പാറ്റുവാൻ വാക്കു തന്ന മലയാളം പെങ്ങളോടെല്ലാം
പറഞ്ഞു തളിർക്കുവാൻ വന്ന മലയാളം കൂലി
പോരെന്നതറിഞ്ഞു പിണങ്ങുവാൻ ആയുധം തന്ന
മലയാളം. ഉപ്പ്, കർപ്പൂരം, ഉമിക്കരി ഉപ്പേരി തൊട്ടു
കാണിച്ച മലയാളം. പുള്ളുവൻ ,വീണ, പുല്ലാങ്കുഴൽ
നന്തുണി ചൊല്ലു കേൾപ്പിച്ച മലയാളം. പൊട്ടിക്കരഞ്ഞു
കൊണ്ടോടി വീഴുന്നു കഷ്ടകാലത്തിൻ കയത്തിൽ
രക്ഷിച്ചിടേണ്ട കൈ കല്ലെടുക്കുമ്പോൾ ശിക്ഷിച്ചു
തൃപ്തരാകുമ്പോൾ ഓമനത്തിങ്കൾ കിടാവ് ചോദിക്കുന്നു,
ഓണമലയാളത്തെ എന്തുചെയ്തു ഓമൽമലയാളത്തെ
എന്തുചെയ്തു.

# സ്വാതന്ത്ര്യം

സ്വാതന്ത്ര്യം തന്നെ അമൃതം
ഉണർന്നിരിക്കുന്ന കുരുന്നുകൾക്ക്
സ്വാതന്ത്ര്യ തന്നെ അമൃതം
ഇന്ന് ജവാന്യർ സംരക്ഷിക്കും
ഭാരത മണ്ണിൻ സ്വാതന്ത്രം
ത്രിവർണപതാക വാനിലുയർന്നും
കുരുന്നു കുഞ്ഞു ജന്മങ്ങൾ
ബ്രിട്ടീഷ് പട്ടാളത്തിൽ നോക്കുകൾ
നിർത്തും ധീര കണങ്ങൾ
നാമെല്ലാം

***ASLA ASHRAF***

9E




# Ghss sreekandapuram